marggam
Digital Library of Christianity in India
www.marggam.com

പുതുവർഷത്തിൻ പുതുമകൾ നിറയും

# ക്രിസ്തുമസ് ഗാനങ്ങൾ



ഗാനരചന:- അലക്സാണ്ടർ നിരണം

Published by :- St. GEORGE MUSIC CLUB

Rs. 1-50

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

marggam
Digital Library of Christianity in India
www.marggam.com

## ഗാനം—6

ചിത്രം:- തൂവാനത്തുമ്പികൾ

ഒന്നാം രാഗം പാടി......

ഒന്നായ് ഗാനം പാടി
ഒന്നിച്ചൊന്നായ് ആടി
പോയിടുക ലോകമാകേ
ദേവൻ ജനനം പാടാൻ
പാടിടാം ഒരു ഗാനം
ഇമ്പമേറും ഗാനം
ദേവരിൽ അത്യുന്നതനാം യേശുദേവന് (ഒന്നായ്.....)

ഈ പ്രപഞ്ചവീഥികൾ
ഇന്നു മന്നൻ വരവിനായ്
പുൽകുടിൽ മുതൽ മാളികവരെ
തൂമലർ മെത്ത വിരിച്ചു
പൊന്നും മൂരും കാഴ്ചയായ്
കുന്തുരുക്കം കാഴ്ചയായ്
എല്ലാമെല്ലാം ഒരുക്കിവെച്ചു
കാത്തിരിക്കുന്നു. (ഒന്നായ്....)

അഴലെഴും ഹൃദയങ്ങൾ
ആമോദത്താൽ തുള്ളുന്നു
ലോകരാജനേശുവിന് സ്തുതിഗീതങ്ങൾ പാടാൻ
രാജരാജൻ നീ തന്നേ
ശാന്തിദേവൻ നീ തന്നേ
എല്ലാ നാളും ഏഴകൾ തൻ ആലംബവും നീ.

(ഒന്നായ്....)

www.TheCMSIndia.org
CHRISTIAN MUSICOLOGICAL SOCIETY OF INDIA

## ഗാനം—10

ചിത്രം:- താളവട്ടം — പൊൻവീണേ... ....

പൊന്നേശു എന്നുള്ളിൽ നീ വാഴണേ
എന്നേ നീ എന്നാളും കാത്തീടണേ
മാനവർ തൻ പാലകനായ്
മന്നിടത്തിൽ വന്നവനേ
മാലാഖാം വാഴ്ത്തുന്നവനേ
നമുക്കും ഒന്നായ് വാഴ്ത്താം (പൊന്നേശു...
വെൺമതികല വാനിൽ പുഞ്ചിരി തൂകുമ്പോൾ
നാഥൻ ജനനവുമൊതി താരം നീങ്ങുന്നു
പറന്നേ പോന്നു മനം മറന്നേ പോന്നു
ഇടയന്മാർ കണ്ടു
നവ താരത്തിൻ ഗമനം } 2
അവരൊന്നായ് ഒന്നായി
ഹാലേലുയ്യാ പാടി (പൊന്നേശു....
ആട്ടിടയർ ഇരവിൽ ആഗതരായല്ലോ
പൈതലിനേ തേടി കൈയ്യിൽ കാഴ്ചയുമേന്തി
വരം തേടുന്നു അവർ വരം കൊള്ളുന്നു
ആമോദം കൊണ്ടും
നവ ആവേശം കൊണ്ടും } 2
താളമോടും മേളമോടുമവർ
ഇമ്പമാർന്നു പാടി (പൊന്നേശു ..

—0—

ക്രിസ്തുമസ് മംഗളാശംസകൾ !!!

★ വിക്ടറി ★
മാന്നാർ

## ഗാനം—11

ചിത്രം:- രാക്കുയിലിൻ രാഗസദസിൽ
പൂമുഖവാതിൽക്കൽ......

പാരിതിലേവർക്കും സ്നേഹം പകരുന്ന
സ്നേഹസ്വരൂപനാണീശോ
ലോകത്തിൻ പാപത്തെ നീക്കുവാനായി
ഭൂവിൽ പിറന്നവൻ ഈശോ. (പാരിതിൽ........)

ദു:ഖിതമാനസർക്ക് ആശ്വാസമേകുന്ന
കാരുണ്യരൂപനാണീശോ
പാരിൽ നമുക്കായ് ജീവൻ വെടിഞ്ഞ
ത്യാഗത്തിനുറവിടം ഈശോ. (പാരിതിൽ........)

മാലോകർ എന്നേന്നും സ്തുതിക്കുന്ന നാഥാ
ഈ പാപികാം ഞങ്ങളിന്നെന്തു നൽകാൻ
പൊന്നില്ല, മൂരില്ല, കുന്തുരുക്കവുമില്ല
പാപത്താൽ ഇരുണ്ടൊരു ഹൃദയംമാത്രം.
(പാരിതിൽ.... ...)

O

ക്രിസ്തുമസ് മംഗളാശംസകൾ
മുരളി കോഫി & ററീ സ്ററാൾ
കച്ചേരി ജംഗ്ഷൻ
ഹരിപ്പാട്
Distributors:-
Tea, Coffe & All food items.

## ഗാനം—13

ചിത്രം:- വാ കുരുവി വരുകുരുവി
ആകാശമെവിടെ........

പൂമേടയെവിടെ കണ്ടില്ല ഇല്ല ഇല്ല ഹോഹോ
പൂമെത്തയെവിടെ കണ്ടില്ല. തങ്കതൊട്ടിൽ കണ്ടില്ല
പട്ടുശീല കണ്ടില്ല കീററുശീലയിൽ പൊതിഞ്ഞ
ഉണ്ണിയെ കണ്ടു

പാടാം പാടാം
പാടാം പാടാം ഹല്ലേലുയ്യാ ഗീതം പാടാം
യേശുവിന് സ്തുതിപാടാം പാടാം പാടാം } 2
ഇന്നല്ലോ ഇന്നല്ലോ സുന്ദര നാള്
ഇന്നല്ലോ ദേവകുമാരൻ പിറന്ന നാള് } 2
മാലാഖമാർ വിണ്ണിൽ സ്തുതി ഗീതം പാടുന്നു
(പാടാം പാടാം....

കൂട്ടമായ് മേളമോടെ പാടി പോകാം
നാഥനെ കണ്ടിടുവാനായ് വേഗം പോകാം } 2
ആട്ടിടയർ കാഴ്ചയുമേന്തി അണയുന്നതു കണ്ടില്ലേ
(പാടാം പാടാം....

★

● ചിന്നു ●
ഡിപ്പാർട്ടുമെൻററ് സ്റേറാർ,
കരുവേലിത്തറ ബിൽഡിംഗ്സ്,
പരുമലക്കടവ് :: മാന്നാർ.
സ്റേറഷനറി, ബേക്കറി, & കൂൾബാർ, ഫുഡ്
ഐററംസ്, പ്രസൻേറഷൻ സെററുകൾ, ധാന്യ
പ്പൊടികൾ, മൽസ്യം, മാംസം, മുട്ട എന്നിവ
യ്ക്ക് സമീപിക്കുക
ചിന്നു! ചിന്നു!! ചിന്നു!!!

marggam

Digital Library of Christianity in India

www.marggam.com

**An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India**

Support Our Ongoing Projects

- Marggam - Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopaedia of Syriac Chants.
- Resources for Researchers.
- Directory of Christian Songs.
- Music Iconography.
- Christian Art.

---

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

Christian Musicological Society of India, Josef Ross, Ist Floor, Peter's Enclave, Opp.Kairali Apts, Panampilly Nagar, Kochi, Kerala, India-682036, Phone: +91 9496244981, +91 9446514981, Email - info@thecmsindia.org